**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5076** **20-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ ഭൂമി തരംമാറ്റ അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വീടുവെക്കുന്നതിനും മറ്റാവശ്യങ്ങൾക്കും വേണ്ടി ഭൂമി തരംമാറ്റുന്നതിനായി എത്ര അപേക്ഷകൾ കോഴിക്കോട് ജില്ലയിൽ നിലവിലുണ്ടെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ; | (എ) | വീട് വയ്ക്കുന്നതിനും മറ്റാവശ്യങ്ങൾക്കും വേണ്ടി ഭൂമി തരംമാറ്റുന്നതിനായി കോഴിക്കോട് ജില്ലയിൽ നിലവിലുള്ള അപേക്ഷകളുടെ (ഫോറം 6, 7, 9) എണ്ണം താലൂക്ക് തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>കോഴിക്കോട് താലൂക്ക് - 11672<br>താമരശ്ശേരി താലൂക്ക് - 814<br>കൊയിലാണ്ടി താലൂക്ക് - 3203<br>വടകര താലൂക്ക് - 2166 |
| (ബി) | വീടുവെക്കുന്നതിനുള്ള അപേക്ഷകൾ അടിയന്തര പ്രാധാന്യത്തോടെ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | ലൈഫ് മിഷൻ നിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകൾ അടിയന്തര പ്രാധാന്യത്തോടെ മുൻഗണന നൽകി തീർപ്പാക്കുന്നതിന് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | പത്ത് സെന്റിൽ കൂടുതൽ ഭൂമി കൈവശമുള്ളതും എന്നാൽ മറ്റ് ഭൂമി ഇല്ലാത്തതുമായ വീടില്ലാത്തവർക്ക് പത്ത് സെന്റിൽ മാത്രം വീട് വെക്കുന്നതിന് അനുവാദം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 2008 ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം 27 A(6 ) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലും (1994 ലെ 13), 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലും (1994 ലെ 20) എന്ത് തന്നെ അടങ്ങിയിരുന്നാലും വിജ്ഞാപനം ചെയ്യപ്പെടാത്ത (ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത) പരമാവധി 04.04 ആർ (10 സെന്റ്) വിസ്തൃതിയിലുള്ള ഭൂമിയിൽ 120 ച. മീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിനും, അല്ലെങ്കിൽ പരമാവധി 2.02 ആർ (5 സെന്റ്) വിസ്തൃതിയിലുള്ള ഭൂമിയിൽ 40 ച. മീറ്റർ വരെ വിസ്തീർണ്ണമുള്ള ഒരു വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനും കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ലാത്തതാണ്. എന്നാൽ വീട് എന്നതിന്റെ അർത്ഥ വ്യാപ്തിയ്ക്കുള്ളിൽ പാർപ്പിട സമുച്ചയങ്ങളോ, മറ്റ് സമുച്ചയങ്ങളോ, ഫ്ളാറ്റുകളോ, ബഹു നില സമുച്ചയങ്ങളോ ഉൾപ്പെടാൻ പാടില്ല. ഈ |

| | | | |
|---|---|---|---|
| | | | ഒഴിവാക്കൽ ഒരിക്കൽ മാത്രമേ അനുവദിക്കാൻ പാടുള്ളൂ. ഇപ്രകാരം ഒഴിവാക്കൽ അനുവദിക്കപ്പെട്ട താമസമാവശ്യത്തിനുള്ള കെട്ടിടത്തിന്റെയോ, വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടത്തിന്റെയോ വിസ്തീർണ്ണം പിന്നീട് പുതിയ നിർമ്മാണങ്ങൾ വഴി വർദ്ധിപ്പിച്ചിട്ടുള്ള പക്ഷം ടി ഒഴിവാക്കലിന് പ്രാബല്യമില്ലാതായിത്തീരുകയും, പുതിയ നിർമ്മാണങ്ങൾ കണ്ടുപിടിക്കപ്പെട്ട തീയതിയിൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള നിരക്കിൽ ഫീസ് നൽകുവാൻ ഭൂമിയുടെ ഉടമസ്ഥൻ ആയിരുന്ന ആൾ ബാധ്യസ്ഥനായിരിക്കുന്നതുമാണ്. ഇക്കാര്യങ്ങളിൽ വ്യക്തത വരുത്തിക്കൊണ്ട് 19.09.2022 തീയതിയിൽ REV-P1/240/2022-REV നമ്പർ സർക്കുലർ റവന്യൂ വകുപ്പും, 11.02.2025 തീയതിയിൽ തസ്വഭവ-ആർഎ1/57/2025-തസ്വഭവ നമ്പർ സർക്കുലർ തദ്ദേശ സ്വയംഭരണ വകുപ്പും പുറപ്പെടുവിച്ചിട്ടുണ്ട്.<br>അതേസമയം വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയിൽ (ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട) നെൽവയലിന്റെ ഉടമസ്ഥന് താമസിക്കുന്നതിന് വീട് നിർമ്മിക്കുന്നതിന് വേണ്ടി, നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിനായുള്ള അപേക്ഷ പരിഗണിക്കുന്നതിനും, വ്യക്തമായ തീരുമാനം കൈക്കൊള്ളുന്നതിനും വേണ്ടി കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഓരോ ജില്ലയിലും ഒരു ജില്ലാതല അധികൃത സമിതി രൂപീകരിച്ചിട്ടുണ്ട്. നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിന് പഞ്ചായത്തിൽ പരമാവധി 4.04 ആർ വിസ്തൃതിയിലും, മുൻസിപ്പാലിറ്റി/കോർപ്പറേഷനിൽ പരമാവധി 2.02 ആർ വിസ്തൃതിയിലും നെൽവയൽ നികത്തുന്നതിനുള്ള തീരുമാനം, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്റ്റിന്റെ വകുപ്പ് 9(8) പ്രകാരം പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽമാത്രം, ജില്ലാതല അധികൃത സമിതിയ്ക്ക് എടുക്കാവുന്നതാണ്. ലഭ്യമാകുന്ന ശിപാർശകളിന്മേൽ ജില്ലാതല അധികൃത സമിതി ഒരു മാസത്തിനകം തീരുമാനം എടുക്കേണ്ടതാണ്. ജില്ലാതല അധികൃത സമിതിയുടെ തീരുമാനം മൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും തീരുമാനം കൈപ്പറ്റി മുപ്പതു ദിവസത്തിനകം കളക്ടർക്ക് അപ്പീൽ നല്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.തസ്വഭവ-ആർഎ1/57/2025-തസ്വഭവ

തദ്ദേശസ്വയംഭരണ (ആർഎ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 11-02-2025

## സർക്കുലർ

വിഷയം:- കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് പെർമിറ്റ് നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 19.09.2022-ലെ റവന്യൂ-പി1/240/2022-റവന്യൂ നമ്പർ സർക്കുലർ

2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട് പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത 'നിലം' ഇനത്തിൽപ്പെട്ട 4.04 ആർ വിസ്തൃതിയുള്ള ഭൂമിയിൽ 120 ച.മീ (1291.67ചതുരശ്ര അടി) വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിനും പരമാവധി 2.02 ആർ വിസ്തൃതിയുള്ള ഭൂമിയിൽ 40 ച. മീ (430.56 ച.അടി) വരെ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന്റെ നിർമ്മാണത്തിനും പ്രസ്തുത നിയമത്തിലെ 27(എ) വകുപ്പ് പ്രകാരം ഉള്ള ഭൂമി തരംമാറ്റ അനുമതി ആവശ്യമില്ല, എന്നാൽ ഈ ഒഴിവാക്കൽ ഒരിക്കൽ മാത്രമേ അനുവദിക്കാൻ പാടുള്ളൂ.

2) അപേക്ഷകരുടെ കൈവശമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ വിസ്തീർണ്ണം എത്രതന്നെ ആയിരുന്നാലും, പരമാവധി 4.04 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ 120 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിന് കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 27(എ) പ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ലാത്തതാണെന്നും എന്നാൽ ഇപ്രകാരം ഇളവ് ലഭിക്കുന്ന ഭൂമിക്ക്, റവന്യൂ രേഖകളിൽ തരം മാറ്റം/സ്വഭാവവ്യതിയാനം വരുത്തേണ്ടതുണ്ടെങ്കിൽ, അപേക്ഷകർ ചട്ടപ്രകാരമുള്ള ഫീസടയ്ക്കാൻ ബാദ്ധ്യസ്ഥരാണെന്നും സൂചന പ്രകാരം റവന്യൂ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

3) എന്നാൽ ഇത്തരത്തിൽ ആനുകൂല്യമുള്ള കെട്ടിടങ്ങൾ നിർമിക്കുന്നതിനും തരംമാറ്റത്തിനായി അപേക്ഷകർ റവന്യൂ അധികാരികളെ ഇപ്പോഴും സമീപിക്കുന്ന സ്ഥിതിയും തരം മാറ്റാത്ത കേസുകളിൽ ബിൽഡിംഗ് പെർമിറ്റ് നിഷേധിക്കുന്ന സ്ഥിതിയും നിലവിലുണ്ട്. അത്തരം അപേക്ഷകൾ പരിശോധിച്ച് മേൽപ്പറഞ്ഞ ആനുകൂല്യം അവർക്ക് ലഭ്യമാണ് എന്നത് തങ്ങളെ സമീപിക്കുന്ന അപേക്ഷകനെ അറിയിക്കേണ്ടത് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ചുമതലയാണ്. ജീവനക്കാർ പലപ്പോഴും ഇതിന് തയ്യാറാകാത്ത സ്ഥിതിയുണ്ട്. ഇക്കാരണത്താൽ 2018-ൽ നെൽവയൽ തണ്ണീർത്തട നിയമത്തിൽ ഭേദഗതി വരുത്തിയതിന്റെ ആനുകൂല്യം ജനങ്ങൾക്ക് അനുഭവവേദ്യമാകുന്നില്ല. അപേക്ഷകൾ സ്വീകരിക്കാതെയും വസ്തുതകൾ മനസ്സിലാക്കാതെയും ഉദ്യോഗസ്ഥർ വരുത്തുന്ന

കാലതാമസം കാരണം ലൈഫ് ഗുണഭോക്താക്കളടക്കം നിരവധി പേരാണ് ബുദ്ധിമുട്ട് അനുഭവിക്കുന്നത്. ഇത് ഉദ്യോഗസ്ഥതലത്തിൽ വരുത്തുന്ന ഗുരുതരമായ അനാസ്ഥയായി മാത്രമേ കാണാൻ കഴിയുകയുള്ളു.

4) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്റ്റ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത പരമാവധി 4.04 ആർ വിസ്തൃതിയുള്ള ഭൂമിയിൽ 120 ച.മീ വരെ വിസ്തീർണ്ണമുള്ള വീടുകളുടെയും 2.02 ആർ വിസ്തൃതിയുള്ള ഭൂമിയിൽ 40 ച.മീ (430.56 ച.അടി) വരെ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന്റെയും നിർമ്മാണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്ന് പെർമിറ്റിന് അപേക്ഷിക്കുമ്പോൾ യാതൊരു കാരണവശാലും തരംമാറ്റ അനുമതി ആവശ്യപ്പെടാൻ പാടുള്ളതല്ല. ഈ ഒഴിവാക്കൽ ഒരിക്കൽ മാത്രമേ അനുവദിക്കാൻ പാടുള്ളു. സെൽഫ് സർട്ടിഫിക്കേഷന് കൂടി അർഹതയുള്ള ലോ റിസ്ക് കെട്ടിടമായതിനാൽ കാലതാമസമില്ലാതെ അപേക്ഷകൾ തീർപ്പാക്കുന്നു എന്നും സ്ഥലപരിശോധന മുതലായവ ആവശ്യമുള്ള കേസുകളിൽ സമയബന്ധിതമായി ഉദ്യോഗസ്ഥർ അത് നിർവഹിക്കുന്നു എന്നും തദ്ദേശസ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

5) നിലവിൽ തദ്ദേശസ്ഥാപനങ്ങളിലെ ഈ ആനുകൂല്യം ലഭ്യമായ എല്ലാ അപേക്ഷകളും 2025 ഫെബ്രുവരി 28-നു മുൻപായി തീർപ്പാക്കേണ്ടതും അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. തീർപ്പാക്കുന്നതിനു വേണ്ടി കൂടുതൽ രേഖകൾ, അപേക്ഷകന്റെ സാന്നിധ്യം എന്നിവ ആവശ്യമുള്ള കേസുകളിൽ ഫെബ്രുവരി 27, 28 തീയതികളിലായി എല്ലാ തദ്ദേശസ്ഥാപനങ്ങളും അദാലത്തുകൾ സംഘടിപ്പിക്കേണ്ടതും പൂർണമായി എല്ലാ അപേക്ഷകളും തീർപ്പാക്കേണ്ടതുമാണ്.

6) മേൽ വിഷയത്തിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

**ഉത്തരവിൻ പ്രകാരം**

Signed by
Shini Pereira. V
Date: 11-02-2025 18:54:20

**സെക്ഷൻ ഓഫീസർ.**

**അനുപമ ടി വി**
**സ്പെഷ്യൽ സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണവകുപ്പ്, തിരുവനന്തപുരം

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം

മുഖ്യനഗരാസൂത്രകൻ(വിജിലൻസ്), തിരുവനന്തപുരം

എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എല്ലാ നഗരസഭ/ മുനിസിപ്പാലിറ്റി/ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )

റവന്യൂ വകുപ്പ്

കൃഷി വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ(വെബ് ആന്റ് ന്യൂ മീഡിയ), വിവരപൊതുജനസമ്പർക്ക വകുപ്പ്

(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )

തദ്ദേശ സ്വയംഭരണ (ആർഎ2/ആർഎ3/ആർബി/ആർഡി/ഇഡബ്ല്യൂഎ/ഇ യു/ ഇപിഎ/ഇപി ബി)

വകുപ്പ് (അറിവിലേക്കായി)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിക്ക്

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

നം.REV-P1/240/2022-REV
റവന്യൂ (പി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 19-09-2022

<u>സർക്കുലർ</u>

വിഷയം:- കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - വകുപ്പ് 27എ (6) പ്രകാരമുള്ള അനുമതി - പൊതു നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- പൊതു ജനങ്ങളിൽ നിന്നും ലഭിച്ച നിവേദനങ്ങൾ.

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ, വകുപ്പ് 27എ(6)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു പ്രകാരം, 120 ച.മീ വിസ്തൃതിയിലുള്ള കെട്ടിടം നിർമ്മിക്കുവാനുള്ള അനുമതി ലഭിക്കുന്നില്ലെന്നും, ആയതിനാൽ ടി വിഷയം സംബന്ധിച്ച് ഒരു പൊതു നിർദ്ദേശം പുറപ്പെടുവിക്കണമെന്നും ആവശ്യപ്പെട്ട കൊണ്ട്, സൂചന പ്രകാരം ലഭിച്ച നിവേദനങ്ങളുടെ പശ്ചാത്തലത്തിൽ, ആയതു സംബന്ധിച്ച് ചുവടെ ചേർത്തിട്ടുള്ള പൊതു നിർദ്ദേശം പുറപ്പെടുവിക്കുന്നു.

അപേക്ഷകരുടെ കൈവശമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ വിസ്തീർണ്ണം എത്രതന്നെ ആയിരുന്നാലും, പരമാവധി 4.04 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ 120 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിനായി, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 27(എ) പ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ലാത്തതാണ്. എന്നാൽ ഇപ്രകാരം ഇളവ് ലഭിക്കുന്ന ഭൂമിക്ക്, റവന്യൂ രേഖകളിൽ തരം മാറ്റം/ സ്വഭാവവ്യതിയാനം വരുത്തേണ്ടതുണ്ടെങ്കിൽ, അപേക്ഷകർ ചട്ടപ്രകാരമുള്ള ഫീസടക്കാൻ ബാദ്ധ്യസ്ഥരാണ്.

ഉത്തരവിൻ പ്രകാരം

ABDUL NASAR B I A S
ADDITIONAL SECRETARY

സെക്ഷൻ ഓഫീസർ.

പകർപ്പ്

1. കമ്മീഷണർ, ലാൻഡ് റവന്യൂ
2. എല്ലാ ജില്ലാ കളക്ടർമാർക്കും
3. എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
4. കൃഷി വകുപ്പ്
5. തദ്ദേശസ്വയംഭരണ വകുപ്പ്

6. വിവരവും പൊതുജന സമ്പർക്കവും വകുപ്പ്

7. വെബ് & ന്യൂ മീഡിയ / പ്രസ്സ് റിലീസ് (വിപുലമായ പ്രചാരണത്തിന്)

8. കരുതൽ ഫയൽ / ഓഫീസ് കോപ്പി